**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **19-01-2021 - ൽ മറുപടിയ്ക്ക്**

**ചെമ്മനാട്, ഉദുമ ഗ്രാമപഞ്ചായത്തുകളിലെ പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഉദുമ നിയോജകമണ്ഡലത്തിലെ ചെമ്മനാട്, ഉദുമ ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഭൂമിയിൽ വീടുകെട്ടി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള ആർ.സി.4/147/18/ എൽ.എസ്.ജി.ഡി, ആർ.സി.4/95/17/ എൽ.എസ്.ജി.ഡി ഫയലുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | 1) ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/147/18/LSGD ഫയലിൽ കൈകാര്യം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 256/part ൽ പ്പെട്ട 0.28 ഏക്കർ ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന പൂർണ്ണമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. 2) ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/95/17/LSGD ഫയലിൽ പരിശോധിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർവ്വേ നമ്പറിൽ അപാകത ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അത് പരിഹരിച്ച് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം 21/01/2021 -ൽ ചേരുന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | അപേക്ഷകൾ പരിഗണിച്ച് ഈ പാവപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 1) ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/147/18/LSGD ഫയലിൽ കൈകാര്യം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 256/part ൽ പ്പെട്ട 0.28 ഏക്കർ ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന പൂർണ്ണമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. 2) ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/95/17/LSGD ഫയലിൽ പരിശോധിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർവ്വേ നമ്പറിൽ അപാകത ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അത് പരിഹരിച്ച് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം 21/01/2021 -ൽ ചേരുന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തടസ്സങ്ങൾ നീക്കി എപ്പോൾ നടപടികൾ പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ? | (സി) | 1) ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/147/18/LSGD ഫയലിൽ കൈകാര്യം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 256/part ൽ പ്പെട്ട 0.28 ഏക്കർ ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനായി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന പൂർണ്ണമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. 2) ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന വിഷയം RC4/95/17/LSGD ഫയലിൽ പരിശോധിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സർവ്വേ നമ്പറിൽ അപാകത ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അത് പരിഹരിച്ച് നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം 21/01/2021 -ൽ ചേരുന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ